**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 06.07.2024 മുതൽ 10.07.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 27/2024 (54) വെള്ളിയാഴ്ച | തീയ്യതി 05/07/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 06.07. 2024 | 07.07.2024 | 08.07. 2024 | 09.07. 2024 | 10.07.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 12 | 7 | 12 | 11 | 3 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 33 |
| കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 9 | 7 | 5 | 5 | 7 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| - | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | പറിച്ചുനടീൽ | വിരിപ്പ് കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. ഞാറ് പറിച്ചുനടുമ്പോൾ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച തയ്യാറാക്കിയ ലായനിയിൽ വേര് അരമണിക്കൂർ മുക്കിവെയ്ക്കുക. ഇതുവഴി നെല്ലിനെ ബാധിക്കുന്ന പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| മുളക് | കരിവള്ളിക്കേട് | മുളകിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കുരുമുളക് | വാട്ടരോഗം/ ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിൽ കാണുന്ന വാട്ടരോഗത്തിന് മുൻകരുതലായി 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും, തടത്തിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കന്നുകാലികൾക്ക് കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക.(CAADECCS, KVASU, Mannuthy).